# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 4565. 29..6..2012-ൽ മറുപടിക്ക്

## മിൽമയുടെ പാൽ വിൽപ്പനയുടെ വിശദാംശം.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ.എസ്. സലീഖ | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| (എ) മിൽമയുടെ സാധാരണ ദിവസങ്ങളിലെ പാൽ വിൽപ്പന എത്ര ലക്ഷം ലിറ്ററാണ്; മേഖല തിരിച്ച് വ്യക്തമാക്കുമോ; | (എ) 2012 ജൂൺ മാസത്തിൽ മിൽമയുടെ ശരാശരി പ്രതിദിന പാൽ വിൽപ്പന 11.76 ലക്ഷം ലിറ്ററാണ്. ആയത് തിരുവനന്തപുരം മേഖലാ യൂണിയൻ 4.74 ലക്ഷം ലിറ്റർ, എറണാകുളം യൂണിയൻ 2.98 ലക്ഷം ലിറ്റർ, മലബാർ മേഖലാ യൂണിയൻ 4.03 ലക്ഷം ലിറ്റർ എന്നിങ്ങനെയാണ്. |
| (ബി) ഈ വർഷം മിൽമയ്ക്ക് റെക്കാർഡ് വിൽപ്പന നടന്ന ദിവസം ഏത്; പ്രസ്തുത ദിവസം എത്ര ലിറ്റർ പാൽ വിൽപ്പന നടത്തി; വ്യക്തമാക്കുമോ; | (ബി) 2012-13 സാമ്പത്തിക വർഷം മിൽമ പാലിന്റെ റെക്കാഡ് വിൽപ്പന നടന്നത് 2012 ഏപ്രിൽ 13-ാം തീയതിയാണ്. ഈ ദിവസം മൊത്ത വിൽപന 16,83,573 ലിറ്ററായിരുന്നു. |
| (സി) മിൽമയുടെ ശരാശരി പ്രതിദിന വരുമാനം എത്ര; പ്രതിദിനം ചെലവ് എത്ര; വ്യക്തമാക്കുമോ; | (സി) ശരാശരി പ്രതിദിന വരുമാനം - 390.334 ലക്ഷം രൂപ.<br>പ്രതിദിനം ചെലവ് - 383.165 ലക്ഷം രൂപ. |
| (ഡി) മിൽമയുടെ വികസനത്തിനായി എന്തെങ്കിലും പദ്ധതിക്ക് രൂപം നല്കിയിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) വർദ്ധിച്ചുവരുന്ന പാൽ സംഭരണം കണക്കിലെടുത്ത് മിൽമയുടെ നിലവിലുള്ള ഡയറികളുടെയും പ്ലാന്റുകളുടെയും സംഭരണ-സംസ്കരണ ശേഷി ഉയർത്തുവാനുള്ള പദ്ധതികൾ ഉണ്ട്. കൂടാതെ, മലപ്പുറം, കണ്ണൂർ ജില്ലകളിൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ ധനസഹായത്തോടെ ഒരു ലക്ഷം ലിറ്റർ ശേഷിയുള്ള പുതിയ ഡയറി പ്ലാന്റുകൾ സ്ഥാപിക്കുവാനും മിൽമ ഉദ്ദേശിക്കുന്നു. വർദ്ധിച്ചുവരുന്ന കാലിത്തീറ്റയുടെ ആവശ്യകത കണക്കിലെടുത്ത് നിലവിലുള്ള രണ്ട് കാലിത്തീറ്റ ഫാക്ടറികളുടെയും നവീകരണവും, ഉത്പാദനം കൂട്ടുവാനുള്ള നടപടികളും എടുക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.